ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ട്. ഒരു സ്റ്റേറ്റുകാർ ചീഫ് എലക്ഷൻ ആഫീസറുടെ ഉപയോഗത്തിനായി കൊടുത്തിട്ടുണ്ട്.

(ബി) ബാലറ്റുപെട്ടികൾ കൊണ്ടുപോകുന്നതിനും തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള മറ്റേർപ്പാടുകളുടെ മേൽനോട്ടം വഹിക്കുന്നതിനുംവേണ്ടി ആ കാർ ഉപയോഗിച്ചിട്ടുണ്ട്.

ശ്രീ. ഇട്ടീര അമ്മൂക്കൻ : തെരഞ്ഞെടുപ്പുകാലത്തു പല മന്ത്രിമാരും അവരുടെ സ്റ്റേറ്റുകാറുകളിൽ പോയിട്ടുണ്ടെന്നറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : മന്ത്രിമാർ അവരുടെ ചെലവിൽ അവിടെ പോയിട്ടുണ്ട്.

ശ്രീ. ഇട്ടീര അമ്മൂക്കൻ : മന്ത്രിമാർ എന്തിനാണ് അവിടെ പോയതെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : തെരഞ്ഞെടുപ്പു പ്രചരണത്തിനുവേണ്ടിയാണ്.

ശ്രീ. ഇട്ടീര അമ്മൂക്കൻ : തെരഞ്ഞെടുപ്പു പ്രചരണം മന്ത്രിമാരുടെ ഔദ്യോഗിക ജോലികളിൽ ഉൾപ്പെടുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതിനു് ഒരു മറുപടി തന്നെ ആവശ്യമാണെന്നു തോന്നുന്നില്ല. മന്ത്രിമാർക്കു തെരഞ്ഞെടുപ്പു സംബന്ധമായി പ്രചരണം നടത്തുന്നതിനു് അവകാശമുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. പാശ്ചാത്യരാജ്യങ്ങളിലെവിടെയും ഉള്ള നടപ്പും അങ്ങിനെയാണ്.

ശ്രീ. ഇട്ടീര അമ്മൂക്കൻ : ഒരു പ്രായോഗിക പ്രശ്നം ആർഡർ. ജനങ്ങളുടെ ഇടയിലുള്ള തെറ്റിദ്ധാരണകൾ തീർക്കുന്നതിനുവേണ്ടിയാണു് ഞങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നതു്. അങ്ങിനെ ചോദ്യങ്ങൾ ചോദിക്കുമ്പോൾ അവയ്ക്കു മന്ത്രിമാർ ക്ഷോഭിച്ചുകൊണ്ടു് ഉത്തരം നൽകുന്നതു ശരിയാണോ?

മി. സ്പീക്കർ : ക്ഷോഭം എന്നു പറയുന്നതുതന്നെ മാനസികമായ ഒരു അവസ്ഥയാണ്. അതിന്റെ പ്രകടനം മറ്റു അംഗങ്ങൾക്കൊ സഭയ്ക്കു പൊതുവെയൊ അസൌകര്യം മനസ്സു ഉണ്ടാക്കുന്നില്ലെങ്കിൽ അതിനെപ്പറ്റി പരാതിക്കു അവകാശമില്ല.

ശ്രീ. കെ. കരുണാകരൻ : തെരഞ്ഞെടുപ്പ് ഇല്ലാത്തകാലങ്ങളിലും മന്ത്രിമാർ സ്റ്റേറ്റുകാറുകളിൽ പോകാറില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : മന്ത്രിമാർ എപ്പോഴും സ്റ്റേറ്റുകാറുകളിൽ തന്നെയാണ് സഞ്ചരിക്കുന്നതു്.

ശ്രീ. എ. சிதம்பரநாத நாடார் : டிஸ்டிரிக்ட் காங்கிரஸிலுள்ளவர்களுக்கு மாத்திரந்தான் வரலாம். மற்றவர்களுக்கு வரக்கூடாது என்பதா கவர்ன்மென்டின் அபிப்பிராயம்?

Mr. Speaker : Order. Order. That is a matter of opinion. The question need not be answered.

ഉദ്യോഗസ്ഥന്മാരുടെ പിരിച്ചുവയ്ക്കൽ

* ൨൯൫ ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സർക്കാർ ഉദ്യോഗസ്ഥന്മാരിൽ അമ്പത്തിമൂന്നിൽ അധികം വയസ്സും ൨൫ വർഷത്തിലധികം സർവ്വീസും ഉള്ളവരെ പെൻഷൻ കൊടുത്തയക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) 'എ'ക്കുത്തരം ഉണ്ട്' എന്നാണെങ്കിൽ, ആ തീരുമാനം എല്ലാത്തരം ഉദ്യോഗസ്ഥന്മാരെയും ബാധിക്കുമോ;

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) അങ്ങിനെ ഒരു തത്വം ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

DEVASWOM BOARD

*2416 [41] **Sri. Paul Thaliath** : Will the Hon'ble the Chief Minister be pleased to state.—

LIBRARY ARCHIVES Kerala Legislative Assembly